(സി) നോട്ടറിമാരുടെ ഓഫീസ് ഇൻസ്പെക്ഷൻ നടത്തുന്ന വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നോട്ടറി ഇൻസ്പെക്ഷൻ വിഭാഗത്തിന് പരിശോധനയ്ക്ക് പോകുവാനുള്ള ടി. എ. സീലിംഗ് ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ടി. എ.-യ്ക്ക് സീലിംഗ് ഉള്ളതുകാരണം എല്ലാ വർഷവും എല്ലാ ഓഫീസുകളും പരിശോധന നടത്താൻ കഴിയുന്നുണ്ടോ ;

(എഫ്) നോട്ടറി ഓഫീസുകൾ ഇൻസ്പെക്ഷൻ സുഗമമാക്കാൻ ടി. എ. സ്ലീംഗ് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 787 നോട്ടറിമാരുടെ ഓഫീസുകൾ ഉണ്ട്.

(ബി) നോട്ടറിമാരുടെ രജിസ്റ്ററുകൾ വർഷത്തിലൊരിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നു.

(സി) ഇൻസ്പെക്ഷൻ നടത്തുന്നതിനുമാത്രമായി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല.

(ഡി) ഉണ്ട്. അണ്ടർ സെക്രട്ടറിവരെയുള്ളവർക്ക് പ്രതിമാസം 600 രൂപയും ഡെപ്യൂട്ടി സെക്രട്ടറിയ്ക്കും അതിനു മുകളിൽ ഉള്ളവർക്കും 1500 രൂപയും ; ത്രൈമാസത്തിൽ അത് യഥാക്രമം 2400 രൂപയും 4500 രൂപയും, എന്നതാണ് സ്ലീംഗിന്റെ നിരക്ക്.

(ഇ) ഇല്ല.

(എഫ്) ടി. എ. സീലിംഗ് ഒഴിവാക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളെ മൈത്രി ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്താൻ നടപടി

41 (4320) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതിപ്രകാരം കുഴൽമന്ദം മണ്ഡലത്തിലെ കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 14 ഗുണഭോക്താക്കൾ 1999-2000 വർഷത്തിൽ ഭവന നിർമ്മാണത്തിനായി 12,50,500 രൂപ കേരള ഭവന നിർമ്മാണ ബോർഡിൽ അടച്ചിട്ട് പ്രസ്തുത ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കാൻ ധനസഹായം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൗസിംഗ് ബോർഡിന്റെ നിർദ്ദേശാനുസരണം ഗുണഭോക്തൃ വിഹിതമായി 4,624 രൂപ വീതം 64,736 രൂപ 30-3-2001 -ൽ പാലക്കാടുള്ള ഹൗസിംഗ് ബോർഡിന്റെ ആഫീസിൽ ഡിപ്പോസിറ്റ് ചെയ്തിട്ടും ഗുണഭോക്തൃ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച് പരിശോധിക്കുമോ ;

(ഡി) കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ 14 ഗുണഭോക്താക്കളേയും മൈത്രീ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം കുഴൽമന്ദം മണ്ഡലത്തിലെ കുത്തന്നൂർ പഞ്ചായത്തിലെ 14 നിർദ്ദിഷ്ട ഗുണഭോക്താക്കൾക്കുവേണ്ടി 1999-2000 വർഷത്തിൽ ബോർഡിൽ പണമടച്ചിട്ടില്ല. എന്നാൽ 1999-2000 വർഷത്തിൽ കുത്തന്നൂർ പഞ്ചായത്ത് 154 പേർക്കു വേണ്ടി 19,25,000 രൂപ ബോർഡിൽ അടച്ചിട്ടുണ്ട്. അതിൽ 7 പേർക്ക് വിവിധ കാരണങ്ങളാൽ ധനസഹായം നൽകിയിട്ടില്ല.

(ബി) ടി 14 അപേക്ഷകൾ താമസിച്ചാണ് ഹൗസിംഗ് ബോർഡ് ഓഫീസിൽ ലഭിച്ചത്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ടി പദ്ധതി താൽകാലികമായി നിരുത്തിവയ്ക്കുകയുണ്ടായി. അതിനാൽ ടി അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. 30-6-2001-ന് മുമ്പ് ഇവരുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

(സി) 31-3-2001-ൽ 64,736 രൂപ 14 നിർദ്ദിഷ്ട ഗുണഭോക്താക്കൾക്ക് വേണ്ടി ബോർഡിന്റെ പാലക്കാട് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. 31-3-2001 മുതൽ വായ്പാ വിതരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും 30-6-2001-ൽ പുതിയതായി ധനസഹായം അനുവദിക്കുന്നത് നിർത്തിവയ്ക്കുകയും ചെയ്തു. ടി ഗുണഭോക്താക്കൾ 30-6-2001 ന് ശേഷമാണ് അപേക്ഷകൾ ബോർഡിൽ സമർപ്പിച്ചത്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ടി അപേക്ഷകൾ ഔപചാരികമായി ബോർഡുമായി എഗ്രിമെന്റ് വെച്ചിട്ടില്ലായിരുന്നു. ആയതിനാൽ വായ്പാ സഹായം അനുവദിക്കാൻ കഴിയില്ല.

മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി ഹിൽ ഹൈവേ പദ്ധതി

42(4321) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മലയോര പ്രദേശങ്ങളെ ഉൾപ്പെടുത്തി ഹിൽ ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly